## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1022 — 12.12.2012-ൽ മറുപടിയ്ക്ക്

### ടൂറിസം നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ. നാരായണൻ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടൂറിസം നയം രൂപീകരിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ടൂറിസം നയം ഈ സർക്കാർ പ്രഖ്യാപിച്ചു. ഗുണമേന്മയിലൂന്നിയ ടൂറിസം വികസനമാണ് നയം വിഭാവനം ചെയ്യുന്നത്. സേവന നിലവാരം എന്നതുപോലെ ശുചിത്വം, തീർത്ഥാടന പൈതൃക സാംസ്ക്കാരിക ടൂറിസം വികസനം, പരിസ്ഥിതി സംരക്ഷണം, സുരക്ഷിതത്വം, അടിസ്ഥാന സൗകര്യ വികസനം, ടൂറിസം മാനവശേഷി വികസനം, നിക്ഷേപ സൗഹാർദ്ദം, ടൂറിസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം, ശാസ്ത്രീയമായ വിപണന തന്ത്രങ്ങൾ, ടൂറിസം വികസനം തദ്ദേശീയ വാസികൾക്ക് ഗുണകരമാകുന്നുവെന്ന് ഉറപ്പു വരുത്തുന്ന ഉത്തരവാദിത്ത |

ടൂറിസം വ്യാപിപ്പിക്കൽ തുടങ്ങി ടൂറിസം മേഖലയുടെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ